പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1560** **21. 01. 2014-** ലെ മറുപടിക്ക്

'നിതാഖത്ത്' പ്രശ്നവുമായി ബന്ധപ്പെട്ട് നാട്ടിലെത്തിയവർ

ചോദ്യം

ശ്രീ. ടി. എ. അഹമ്മദ് കബീർ

(എ) 'നിതാഖത്ത്' പ്രശ്നവുമായി ബന്ധപ്പെട്ട് പ്രവാസി ജീവിതം ഉപേക്ഷിച്ച് വരുന്നപ്രവാസികൾക്ക് ഉപജീവനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഉത്തരം

ശ്രീ. കെ. സി. ജോസഫ് .
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ മലയാളികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു പദ്ധതിയും കൂടാതെ നിതാഖത്ത് പോലുള്ള സ്വദേശീവത്കരണ നയം മൂലം കൂടുതൽ പ്രവാസികൾ മടങ്ങിവരേണ്ട സാഹചര്യം ഉണ്ടായാൽ അവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായപകൾക്ക് 10% മൂലധന സബ്സിഡി നൽകുന്നതിനും(പരമാവധി രണ്ട് ലക്ഷം രൂപ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ബാങ്ക് വായ്പകളിന്മേൽ പലിശ ഇളവ് നൽകുന്ന കാര്യത്തിൽ കേന്ദ്ര സഹായം തേടാനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണ്.

1. തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.
2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം
3. സ്വയം സംരംഭക സഹായ പദ്ധതി
4. സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
5. സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ

പിന്നാക്ക സമുദായത്തിൽപ്പെട്ട തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3% പലിശനിരക്കിൽ പരമാവധി 10 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതി പിന്നാക്ക സമുദായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നു.

| | |
|---|---|
| (ബി) 'നിതാഖത്ത്' പ്രശ്നവുമായി കേരളത്തിൽ ഇതുവരെ തിരികെയെത്തിയിട്ടുള്ളവരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് സൗദിയിൽ നിന്നും കേരളത്തിൽ തിരികെയെത്തിയിട്ടുള്ളവരുടെ കണക്ക് നോർക്ക വകുപ്പിൽ ലഭ്യമല്ല. നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് 01/04/2013 മുതൽ 31/12/2013 വരെ കേരളത്തിലെ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഹെൽപ് ഡെസ്കുകളിലും നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ ഓൺലൈനിലൂടെയും ആകെ 20,835 പേർ സൗദി അറേബ്യയിൽ നിന്ന് മടങ്ങിയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 2064 |
| കൊല്ലം | 2068 |
| പത്തനംതിട്ട | 336 |
| ആലപ്പുഴ | 640 |
| കോട്ടയം | 202 |
| ഇടുക്കി | 71 |
| എറണാകുളം | 397 |
| തൃശൂർ | 575 |
| പാലക്കാട് | 1286 |
| മലപ്പുറം | 8481 |
| കോഴിക്കോട് | 2471 |
| വയനാട് | 513 |
| കണ്ണൂർ | 1236 |
| കാസർകോട് | 220 |

ജില്ല വയ്ക്കാതെ രജിസ്റ്റർ ചെയ്തവർ 275

സെക്ഷൻ ഓഫീസർ